**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4150** **03-03-2023 - ൽ മറുപടിയ്ക്ക്**

**ലൈഫ് ഭവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം എത്ര ഗുണഭോക്താക്കളാണ് പുതിയതായി ലൈഫ് ഭവന പദ്ധതിയിൽ കരാർ ഒപ്പിട്ട് ഭവന നിർമ്മാണം ആരംഭിച്ചതെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ; | (എ) | 2021-22 സാമ്പത്തിക വർഷത്തിൽ 48,243 ഗുണഭോക്താക്കളും,<br><br>2022-23 സാമ്പത്തിക വർഷത്തിൽ 75,215 ഗുണഭോ ക്താക്കളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാർ ഒപ്പിട്ട് ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) | മേൽപ്പറഞ്ഞവരിൽ എത്രപേർ ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ടെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വിശദമാക്കുമോ; | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ 23,261 ഗുണഭോക്താക്കളും 2022-23 സാമ്പത്തിക വർഷത്തിൽ 28.02.2023 വരെ 42,877 ഗുണഭോക്താക്കളും ഭവന നിർമ്മാണം പൂർത്തീകരിച്ച് മുഴുവൻ തുകയും കൈപ്പറ്റിയിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം ലൈഫ് ഭവന പദ്ധതിക്കായി വകയിരുത്തിയ ആകെ തുക എത്രയായിരുന്നുവെന്നും ഇതിന്റെ എത്ര ശതമാനം നാളിതുവരെ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (സി) | ലൈഫ് മിഷന്റെ തനത് ശീർഷകങ്ങളിൽ ആകെ 810.41 കോടി രൂപ വകയിരുത്തിയിരുന്നു. അതിന്റെ 37.26% തുക സാമ്പത്തിക വർഷം അവസാനം വരെ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ